**ചരമോപചാരം**

<u>കുവൈറ്റിലെ ഫ്ലാറ്റിലുണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ടവരെ സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ഓർഡർ..........ഓർഡർ...........

കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ട സഹോദരങ്ങൾക്ക് കേരള നിയമസഭയുടെ അനുശോചനം. 2024 ജൂൺ 12-ന് കുവൈറ്റിലെ മംഗെഫിൽ ഫ്ലാറ്റിലുണ്ടായ അഗ്നിബാധയിൽ 50 പേരാണ് മരണപ്പെട്ടത്. ഇതിൽ 46 പേർ ഇന്ത്യയിൽനിന്നുള്ളവരാണ്. അതിൽ 24 മലയാളികളും മരണപ്പെട്ടു. അപകടത്തിൽ മരണപ്പെട്ട പ്രവാസി സഹോദരങ്ങളുടെ മൃതദേഹങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയപ്പോൾ ഏറ്റുവാങ്ങാനും അവരുടെ ദുഃഖാർത്തരായ കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും അടുക്കലേയ്ക്ക് പോലീസ് അകമ്പടിയോടെ എത്തിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട പ്രതിക്ഷനേതാവുമൊക്കെ നേതൃത്വം നൽകി. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കുവൈറ്റ് അമീറും ധനസഹായം നൽകാൻ

ഉത്തരവിട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പ്രമുഖ പ്രവാസി മലയാളി വ്യവസായികൾ ധനസഹായത്തിന് സന്നദ്ധത പ്രകടിപ്പിച്ചത് മാതൃകാപരമായ നടപടിയാണ്. അത് സുമനസ്സുകൾക്ക് പിന്തുടരാവുന്ന മാതൃകയാണ്. അപകടത്തിൽപ്പെട്ടവർക്ക് സാദ്ധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ നോർക്കയുടെ ആഭിമുഖ്യത്തിലും പ്രവാസികൾ മുൻകയ്യെടുത്തും ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇന്ത്യ ഗവൺമെന്റ് കുവൈറ്റിൽ നടത്തുന്ന ഇടപെടലുകളിൽ സംസ്ഥാന സർക്കാർ പൂർണ്ണ പിന്തുണ നൽകുന്നുണ്ട്. തീപിടുത്തത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കളെയും ആശ്രിതരെയും ദുഃഖത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു. പൊള്ളലേറ്റവരെയും പരുക്കേറ്റവരെയും ഹൃദയപൂർവ്വം ആശ്വസിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. കുവൈറ്റിലെ മംഗെഫിലെ ഫ്ലാറ്റിലുണ്ടായ തീപിടുത്തത്തിൽ നിരവധി പേർക്ക് ജീവഹാനി സംഭവിച്ചത് അങ്ങേയറ്റം ദുഃഖകരമായ സംഭവമാണ്. മരണപ്പെട്ടവരുടെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു. 24 മലയാളികളുൾപ്പെടെ **49** പേരാണ്

മരണപ്പെട്ടത്. അതിൽ 46 പേരും ഇന്ത്യക്കാരായിരുന്നു. നിരവധി സ്വപ്നങ്ങളുമായാണ് നമ്മുടെ സഹോദരങ്ങൾ പ്രവാസം തെരഞ്ഞെടുത്തത്. ആ സ്വപ്നങ്ങളെല്ലാം പൂർത്തിയാക്കാൻ സാധിക്കാതെ പാതിവഴിയിൽ ദുരന്തത്തിനുമുമ്പിൽ നമ്മുടെ സഹോദരങ്ങൾക്ക് കീഴടങ്ങേണ്ടിവന്നുവെന്നത് ഏറെ പ്രയാസമുണ്ടാക്കുന്നു. നമ്മുടെ നാടിന്റെ ആകെ പുരോഗതിക്കും മുന്നേറ്റത്തിനും വലിയ സംഭാവനകൾ നൽകുന്നവരാണ് പ്രവാസികൾ. ആധുനിക കേരളത്തിന്റെ ചരിത്രത്തിന് പ്രവാസികളിൽനിന്ന് വേറിട്ടൊരു നിലനിൽപ്പില്ല. എന്നാൽ പ്രവാസ ജീവിതം ഇന്ന് നിരവധി പ്രതിസന്ധികൾ നേരിടുകയാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിയും യുദ്ധാന്തരീക്ഷവും മാറിവരുന്ന കുടിയേറ്റ നിയമങ്ങളും പ്രവാസ ജീവിതത്തെ കഠിനമാക്കുന്നുണ്ട്. ഇത്തരം പ്രതിസന്ധികളെക്കൂടി അതിജീവിച്ചാണ് തങ്ങളുടെ കുടുംബത്തിന്റെയും നാടിന്റെയും ഭാവി ശോഭനമാക്കാൻ നമ്മുടെ പ്രവാസി സഹോദരങ്ങൾ കഠിന പ്രയത്നം ചെയ്തുവരുന്നത്. അക്കൂട്ടത്തിലുള്ളവരാണ് അഗ്നിബാധമൂലമുണ്ടായ ദുരന്തത്തിൽ നമ്മെ വിട്ടുപിരിഞ്ഞത്. അഗ്നിബാധയെക്കുറിച്ച് അറിഞ്ഞയുടൻ കേരള സർക്കാർ പ്രത്യേക മന്ത്രിസഭാ യോഗം വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട

ആരോഗ്യമന്ത്രിയെ സംഭവസ്ഥലത്തേയ്ക്ക് അയക്കുവാൻ തീരുമാനിച്ചെങ്കിലും കേന്ദ്ര വിദേശ മന്ത്രാലയത്തിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭ്യമായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉൾപ്പെടെ കേരളത്തിന്റെ പ്രതിഷേധം ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. എങ്കിലും മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുവാനും പരുക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കുവാനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഫലപ്രദമായി കൈകോർത്തു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അങ്ങ് പറഞ്ഞതുപോലെ അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. പരുക്കേറ്റവരുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ ഒരു ലക്ഷം രൂപയുടെ ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ സഹായഹസ്തവുമായി എത്തിയ വ്യവസായികളെയും വ്യക്തികളെയും നമുക്ക് നന്ദിയോടെ സ്മരിക്കാം. നികത്താനാകാത്ത ഈ നഷ്ടത്തിൽ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും നാടിനാകെയുമുണ്ടായ ദുഃഖത്തിൽ പങ്കുചേരുകയാണ്. കുടുംബാംഗങ്ങളെ

അഗാധമായ ദുഃഖം അറിയിക്കുകയും ചെയ്യുന്നു. പരുക്കേറ്റവർ എത്രയും വേഗം സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിവരട്ടേയെന്ന് പ്രത്യാശിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മളെയെല്ലാവരെയും വല്ലാതെ വേദനിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്ത ഒരു സംഭവമാണ് കുവൈറ്റിലെ ദുരന്തം. നിസ്സഹായരായി നോക്കി നിൽക്കേണ്ട ഒരു അവസ്ഥയിലായിരുന്നു നമ്മളെല്ലാവരും. കൊച്ചി വിമാനത്താവളത്തിൽ 24 മലയാളികളുടെയും 7 തമിഴ്നാട് സ്വദേശികളുടെയും മൃതശരീരം കിടത്തിയപ്പോഴുണ്ടായ ഒരു കാഴ്ച ജീവിതത്തിലൊരിക്കലും മറക്കാൻ സാധിക്കാത്ത ഒരു കാഴ്ചയാണ്. കുടുംബം സംരക്ഷിക്കുന്നതിന് ധാരാളം പ്രയാസങ്ങളെ മറികടന്ന് വിദേശത്തുപോയി കഠിനാധ്വാനം ചെയ്ത ആളുകൾക്കാണ് ഈ ദാരുണമായ അപകടമുണ്ടായത്. ആ അപകടത്തിൽനിന്ന് ചിലർക്ക് രക്ഷപെടാൻ സാധിച്ചു. പക്ഷെ ഒരുപാട് ആളുകൾ ആ അപകടത്തിനിരയായി മരിച്ചുവീണകാഴ്ചയാണ് നമ്മൾ കണ്ടത്. ഓരോ കുടുംബത്തിൽനിന്ന് ഉയരുന്ന നിലവിളികൾ നമുക്ക് കേൾക്കാൻ കഴിയാത്തതാണ്. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മക്കളുടെ വേർപാട്

ഓരോ കുടുംബങ്ങളിലുമുണ്ടാകുന്ന സങ്കടങ്ങളും പ്രയാസങ്ങളും വിവരണാതീതമാണ്. പല കുടുംബങ്ങളും അനാഥമായിരിക്കുകയാണ്. ആ കുടുംബങ്ങളുടെ സംരക്ഷകരും കുടുംബനാഥന്മാരുമാണ് ഈ ദാരുണമായ അപകടത്തിനിരയായത്. നമുക്കെല്ലാവർക്കും ചേർന്ന് ഒരുമിച്ച് അവരെ ചേർത്തുപിടിക്കേണ്ടതിന്റെ ഉത്തരവാദിത്തമുണ്ട്. കൊച്ചി ഏർപ്പോർട്ടും ജില്ല ഭരണകൂടവും സർക്കാരും എല്ലാവരും ചേർന്നാണ് യാതൊരു പരാതികളുമില്ലാതെ നമ്മളെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്തത്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പുമന്ത്രിക്ക് കുവൈറ്റിലേയ്ക്ക് പെട്ടെന്ന് എത്തുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് നിഷേധിച്ച കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിക്കുകയുണ്ടായി. ഇത്തരം ഒരു സംഭവം നടക്കുമ്പോൾ അവിടെ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയും കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയും നമ്മുടെ പ്രവാസി സംഘടനകളും എല്ലാവരെയും ഏകോപിപ്പിച്ചുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധി അവിടേയ്ക്ക് പോകാൻ അനുമതി ചോദിച്ചപ്പോൾ അത് നിഷേധിച്ചത് തീർച്ചയായും തെറ്റായ ഒരു നടപടിയാണ്. ഒരു

കാരണവശാലും പ്രോൽസാഹിപ്പിക്കാൻ സാധിക്കാത്ത ഒരു നടപടിയാണിത്. അത്തരം കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായതിലുള്ള ശക്തമായ പ്രതിഷേധം കൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളോടും അവരുടെ സുഹൃത്തുക്കളോടും ബന്ധുക്കളോടും എല്ലാവരോടും ഉണ്ടായ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

മി. സ്പീക്കർ: കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടമായ നമ്മുടെ സഹോദരങ്ങളുടെ വേർപാടിൽ കേരള നിയമസഭയുടെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തിക്കൊണ്ട് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള ആദരസൂചകമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)